# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒരുമനയൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.6)1707/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒരുമനയൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.6)1707/2021 തീയ്യതി: 01/06/2022

## തൃശ്ശൂർ ജില്ലയിലെ ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-10-2020 മുതൽ 14-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു. എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2021 | 25-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 25-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബേബി പി.വി., ഓഡിറ്റ് ഓഫീസർ
ഷൈനി കൃഷ്ണദാസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനീറ്റ ഡോമിനിക്, ഓഡിറ്റർ
സ്വാലിഹ് സി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആഷിത കുണ്ടിയത്ത് | പ്രസിഡന്റ് | 01-04-2019 | 23-11-2019 |
| ലീന സജീവൻ | പ്രസിഡന്റ് | 24-11-2019 | 20-12-2019 |
| പി പി മൊയ്തുദ്ധീൻ | പ്രസിഡന്റ് | 21-12-2019 | 31-03-2020 |
| അനുപമ എ. വി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സന്ധ്യ കെ. ജി. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| പ്രതീഷ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.നിബിൻകൃഷ്ണ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ദിൽഷ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| മനോജ് തെറ്റയിൽ | വെറ്റിനറി സർജൻ | 01-04-2019 | 01-04-2020 |
| പ്രത്യുഷ കെ ജെ | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| പത്മം | വി.ഇ.ഒ (മുത്തമ്മാവ് സർക്കിൾ) | 01-04-2019 | 31-03-2020 |
| സ്മിത.ഐ.വി | വി.ഇ.ഒ (ഒരുമനയൂർ സർക്കിൾ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.V.Baby (Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.V.Baby (Audit Officer, On 01-12-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Jomon E K (Asst. Audit Officer, On 01-12-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: P.V.Baby (Audit Officer, On 26-11-2021)<br>Last Updated By: P.V.Baby (Audit Officer, On 11-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.V.Baby (Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 11-05-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 27-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-1 |
| 12 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 27-11-2021)<br>Last Updated By: P.V.Baby (Audit Officer, On 11-05-2022) | 1-11-2 |
| 13 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 27-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-3 |
| 14 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 27-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-4 |
| 15 | വസ്തുനികുതി മുൻകുർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല | 1-11-5 |

| | | |
|---|---|---|
| | Written By: Shyni Krishnadas. E. (Asst. Audit Officer, On 27-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | |
| 16 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 27-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-6 |
| 17 | വസ്തു നികുതി - മുൻകൂറായി ലഭിച്ച തുകയേക്കാൾ കൂടുതൽ തുക തൻവർഷം ക്രമീകരിച്ചു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 27-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-7 |
| 18 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-8 |
| 19 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-9 |
| 20 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-10 |
| 21 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ<br>Written By: P.V.Baby (Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-11 |
| 22 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: P.V.Baby (Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 12-05-2022) | 1-11-12 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-13 |
| 24 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-14 |
| 25 | ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-15 |
| 26 | അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-11-16 |
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികസംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-17 |
| 28 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ACR പൂർണ്ണമല്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 12-05-2022) | 1-11-18 |
| 29 | ബാങ്ക് അക്കൌണ്ടിന്റെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 12-05-2022) | 1-11-19 |
| 30 | ഇൻവെസ്റ്റ്മെന്റുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 12-05-2022) | 1-11-20 |
| 31 | തൊഴിലുറപ്പ് പദ്ധതി - കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 12-05-2022) | 1-11-21 |

| | | |
|---|---|---|
| 32 | രേഖകൾ/രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 12-05-2022) | 1-11-22 |
| 33 | പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-11-23 |
| 34 | രസീതുകളുടെ പരിപാലനം - അപാകതകൾ.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-12 |
| 35 | വസ്തു നികുതി അപാകതകൾ<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 13-05-2022) | 1-13 |
| 36 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 13-05-2022) | 1-13-1 |
| 37 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി-വരുമാന നഷ്ടം<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 13-05-2022) | 1-13-2 |
| 38 | അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കി.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 13-05-2022) | 1-13-3 |
| 39 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-14 |
| 40 | തൊഴിൽ നികുതി വർദ്ധിപ്പിക്കാനുള്ള തീരുമാനങ്ങൾ-തുടർനടപടികൾ അറിയിക്കേണ്ടതാണ്.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-14-1 |
| 41 | ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-14-2 |
| 42 | റേഷൻ കടകൾ,കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-14-3 |
| 43 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ്- പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-15 |
| 44 | പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ ബൈലോയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-16 |
| 45 | അംഗപരിമിതർക്കുള്ള വീൽചെയർ- ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നല്കി<br>Written By: Anita Dominic (Auditor, On 01-12-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-17 |
| 46 | അംഗപരിമിതർക്കുള്ള വാക്കർ വാങ്ങൽ – അപേക്ഷ ഹാജരാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 02-12-2021) | 1-18 |

| | | |
|---|---|---|
| | Last Updated By: P.V.Baby (Audit Officer, On 18-04-2022) | |
| 47 | സൈഡ് വീൽ ഘടിപ്പിച്ച മോട്ടോർ വാഹനം നല്കൽ (എസ്.സി.)-രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 18-04-2022) | 1-19 |
| 48 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം – അപാകതകൾ<br>Written By: Anita Dominic (Auditor, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-20 |
| 49 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമല്ല<br>Written By: Anita Dominic (Auditor, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-21 |
| 50 | വിനിയോഗ വിവരം, രശീതി ലഭ്യമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-22 |
| 51 | 2018-19 വർഷത്തെ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം അടവാക്കുന്നതിൽ വീഴ്ച വരുത്തി - തൻവർഷത്തെ വികസനഫണ്ടിൽ നിന്ന് തുക നഷ്ടമായി<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-23 |
| 52 | അംഗൻവാടി ജീവനക്കാർക്കുള്ള ഹോണറേറിയം യഥാസമയം കൈമാറിയില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-24 |
| 53 | പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കൽ - പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതും കുടിശ്ശിക അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-25 |
| 54 | കേരളോത്സവം - ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-26 |
| 55 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - കെൽട്രോണിന് അധികം തുക അനുവദിച്ചു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-27 |
| 56 | പ്രിന്ററുകളുടെ ടോണർ റീഫില്ലിംഗ് അനുബന്ധ പ്രവൃത്തികൾ- ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 01-12-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-28 |
| 57 | തെരുവു വിളക്ക് പരിപാലനം -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കൃത്യമായ വിവരം സൂക്ഷിക്കേണ്ടതുമാണ്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 01-12-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-29 |
| 58 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.<br>Written By: Jomon E K (Asst. Audit Officer, On 01-12-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-30 |
| 59 | ലൈഫ് ഭവന പദ്ധതി- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കണം | 1-31 |

| | | |
|---|---|---|
| | Written By: Jomon E K (Asst. Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | |
| 60 | പൊതുമരാമത്ത് പ്രവൃത്തികൾ- പൊതു വിവരങ്ങളും പൊതു അപാകതകളും.<br>Written By: P.V.Baby (Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 17-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Anita Dominic (Auditor, On 25-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 21/02/2019 | 1(1)/19 | 68008608 | 67486826 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24/03/2020 | 1(1)/20 | 79244133 | 78722351 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 18-05-2020 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3333066.80 |
| വരവ് | 29281392 |
| ആകെ | 32614458.80 |
| ചെലവ് | 29390695 |
| നീക്കിയിരിപ്പ് | 3223763.80 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 8288853 | 0 | 4518593 | 3770260 | വരവ് തുകയിൽ അംഗൻവാടി പ്രതിഫലം ലൈഫ് ഭവന പദ്ധതി വായ്പ എന്നിവ കുറവ് ചെയ്ത തുക |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 3412471 | 0 | 2687947 | 724524 | ലൈഫ് ഭവന പദ്ധതി വായ്പ എന്നിവ കുറവ് ചെയ്ത തുക |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 4912000 | 0 | 2563286 | 2348714 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3251000 | 0 | 2767352 | 483648 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരം) | | 4288057 | 0 | 1486324 | 2801733 | |

## 1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 136 | 37016767 | 79 | 18864848 | 18 | 39 | 58 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3035 | 672648 | 675683 | 675683 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് +മെറ്റിരീയൽ കോസ്റ്റ് | 0 | 7576786 | 7576786 | 7576786 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.ഖ.1-11-21

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1680 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 349200 | 291 |
| വിധവാപെൻഷൻ | 2320200 | 1892 |
| വാർദ്ധക്യകാലപെൻഷൻ | 2969100 | 2434 |
| വികലാംഗപെൻഷൻ | 519000 | 423 |
| അവിവാഹിത പെൻഷൻ | 108000 | 89 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2021 തീയതിയിൽ 2.50 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38655/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിലെ രജിസ്റ്ററുകളും ഫയലുകളും വൗച്ചറുകളും ഏറെക്കുറെ കൃത്യതയോടെ പരിപാലിക്കുന്നുണ്ട്. തനത് ഫണ്ട്, പ്ലാൻ ഫണ്ട് വൗച്ചറുകളിൽ ഏതാനും വൗച്ചറുകളോടൊപ്പം സാംഖ്യ പേമെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. തനത് ഫണ്ട് ഉല്ലോം കുറവുള്ള പഞ്ചായത്താണ് ഒരുമനയൂർ ഗ്രാമ പഞ്ചായത്ത്. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് വർദ്ധിപ്പിക്കാനുള്ള നൂതന ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികളുടെ നിർവ്വഹണ/ പൂർത്തീകരണ കാലയളവുകളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ ഇടപ്പെടലുകൾ കാണുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ബന്ധപ്പെട്ട ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/10/2020-22/10/2020 | 2018-19 | ലഭ്യമാക്കിയിട്ടില്ല. |
| അക്കൗണ്ടന്റ് ജനറൽ | 27/10/2016 | 2011-12 മുതൽ 2015-16വരെ | ലഭ്യമാക്കിയിട്ടില്ല. |

## 1-11-1 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11-2 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1303121 | 1265895 | 33529 | 8840 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1303121 | 1260789 | 33529 | *8849 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രികഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(../105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-11-3 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 963865 | 937737 | 14989 | 11765 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 963865 | 937550 | 14989 | *11772 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(............/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-11-4 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| . | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 66315 | - | 66315 | 64095 | - | 64095 | 1896 | | 451 | - | 451 |
| | നോൺ-റെസിഡൻഷ്യൽ | 49034 | - | 49034 | 47208 | - | 47208 | 793 | | 595 | - | 595 |
| | ആകെ | | | 115349 | | | 111303 | 2689 | | 1046 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 113349 | | | 111303 | | | | 112303 | 1046 | | |
| | | (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies. ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ

കണക്കാക്കപ്പെടുന്നില്ല.

2. ഡിമാന്റ് , മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.

3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 111303രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല, മറിച്ച് 112303/-രൂപയാണ്. (വൗച്ചർ നം. 41900245, വൗച്ചർ നം. 41900248 (64631+47598+74)).

## 1-11-5 വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities”എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 326882 | 296258 |
| 2 | 350410103-Advance Collection Of Revenues -Property Tax On Non-Residential Building | 626 | 79956 |

## 1-11-6 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ 58 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ” സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ

സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-7 വസ്തു നികുതി - മുൻകൂറായി ലഭിച്ച തുകയേക്കാൾ കൂടുതൽ തുക തൻവർഷം ക്രമീകരിച്ചു

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. ഇപ്രകാരം ക്രമീകരിച്ച തുക റസിഡൻഷ്യലിൽ നിന്നും നോൺ റസിഡൻഷ്യലിലേക്ക് ജേണൽ എൻട്രി മുഖേന മാറ്റിയിട്ടുള്ള തുകയാണ്.

ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|
| 350410101 – Advance Collection Of Revenues -Property Tax On Non-Residential Building | 10337 | 14989 |

## 1-11-8 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടത്തിൽ നിന്നുള്ള വാടക | 130100101- Rent From Building | 6120 | 18.06.2019 | 41900021 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-9 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത്

ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.വാടക ഡിമാന്റ് രജിസ്റ്റർ

5.പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-11-10 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-11 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (8658) |
| 280100102-Prior Period Income-Profession Tax-Institutions/Professionals/Traders | (8200) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (16705) |
| 280200201- Prior Period Income-License Fees | (600) |
| 280200401- Prior Period Income- Other Income | (946) |
| 280800101- Prior Period- Establishment Expenses | (45820) |

## 1-11-12 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക

ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ എന്നിവ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-11 പ്രകാരം ആസ്തിമൂല്യം 41913556/- രൂപയാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-14 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 109303/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1384662രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-15 ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് മൂല്യം ‘ 0’ ആണ്. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

## 1-11-16 അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

1) 460100199 - Other Advances: RP-47 പ്രകാരമുള്ള ചെലവ് 70250/- ആണ്. രജിസ്റ്ററിലെ വാർഷികസംക്ഷിപ്തം ആയതുമായി പൊരുത്തപ്പെടുന്നില്ല.

2) Advance To Implementing Agencies -KSEB

RP 47 പ്രകാരമുള്ള ചെലവ് - 50107/-, ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള 324995/- എന്നിവ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
3) Festival Advance - രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-11-17 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികസംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

Supplier's EMD, Other Deposits- Revenue എന്നിവയുടെ വാർഷികസംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-11-18 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ACR പൂർണ്ണമല്ല

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും Beneficiary Contribution സംബന്ധിച്ച വിവരങ്ങൾ ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11-19 ബാങ്ക് അക്കൌണ്ടിന്റെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കാത്തവരുടെയും ഹാജരാക്കിയതിൽ പൊരുത്തപ്പെടാത്തതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|
| ഇന്ത്യൻ ഓവർസീസ് | 038701000038053 | മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, |

| | | | |
|---|---|---|---|
| | ബാങ്ക് (ലിറ്ററസി) | | ഒക്ടോബർ, നവംബർ 2019 |

1 ഇന്ത്യൻ ഓവർസീസ് ബാങ്ക് (ലിറ്ററസി) 03/2020 ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്കിൽ 6211 രൂപയും പാസ്ബുക്കിൽ 6212 രൂപയുമാണ്. എന്നാൽ ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 6182/- രൂപയാണ്.

2 ഇന്ത്യൻ ഓവർസീസ് ബാങ്ക് (ലിറ്ററസി) 03/2020 ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 159/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3 "Directly Credited By Bank" എന്ന ഇനത്തിൽ 213 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയതി | തുക |
|---|---|
| 09.02.20 | 54 |
| 11.05.19 | 51 |
| 15.8.19 | 54 |
| 17.11.19 | 54 |
| ആകെ | 213 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

4 കോ-ഓപ്പറേറ്റീവ് ബാങ്ക് (ഡിസ്ട്രസ് റിലീഫ്) ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. (നീക്കിയിരിപ്പ് - 3535/-)

5 ഫിക്സഡ് ഡെപ്പോസിറ്റ് റസീപ്റ്റ് തൃശ്ശൂർ കോ-ഓപ്പറേറ്റീവ് ബാങ്ക്, ട്രഷറി ഓൺ ഫണ്ട് VPFA1-2 എന്നീ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയിട്ടില്ല.

## 1-11-20 ഇൻവെസ്റ്റ്മെന്റുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-21 തൊഴിലുറപ്പ് പദ്ധതി - കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-11-22 രേഖകൾ/രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല

1. B ഫണ്ട് ACR സൂക്ഷിച്ചിട്ടില്ല.
2. സാമൂഹ്യക്ഷേമപെൻഷനുകളുടെ വരവ്-ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. ജനറൽ പർപ്പസ് ഗ്രാന്റ് ACR ലഭ്യമാക്കിയിട്ടില്ല.

## 1-11-23 പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ:- 1) വിവിധ വാർഡുകളിലെ സ്ലൂയിസുകളുടെ പരിപാലനം (പ്രോജ.നം. 119) 27950/- രൂപ പാർട്ട് ബിൽ നല്കിയത്.

2) മനക്കകടവ് റോഡ് നിർമ്മാണം (പ്രോജ.നം. 118) 27332/- രൂപ പാർട്ട് ബിൽ നല്കിയത്.

## 1-12 രസീതുകളുടെ പരിപാലനം - അപാകതകൾ.

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1.3926, 3929, 57478, 57480, 57485, 57486, 57487, 57488, 57489, 57490, 35443 എന്നീ രസീത് ബുക്കുകളിൽ രസീത് കൗണ്ട് സർട്ടിഫൈ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ്

2. 57490, 57478, 35443 എന്നീ രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം ക്യാൻസൽ ചെയ്തിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. എന്നാൽ 25.2.2020ന ശ്രീ ജിജോയ്ക്ക് നൽകിയ 57478 എന്ന രസീത് ബുക്ക് ഉപയോഗിച്ചിട്ടില്ല. എന്നിരിക്കെ 25.2.2021 ന പ്രസ്തുത ജീവനക്കാരന് 3926 എന്ന രസീത് ബുക്ക് നൽകിയിട്ടുണ്ട്. അത് പോലെ കൃഷി ഓഫീസർക്ക് 5.1.2021, 1.2.2021 എന്നീ തീയതികളിൽ യഥാക്രമം 2 (57483, 57484), 4 (57485-88) എന്നിങ്ങനെ രസീത് ബുക്കുകൾ നൽകിയിട്ടുണ്ട്.

4. 57490 നമ്പർ രസീത് ബുക്ക് ആർക്കാണ് നൽകിയതെന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 23/24.11.2021 ) ലഭ്യമാക്കിയ മറുപടി താഴെ പറയും വിധമാണ്.

1. രസീത് ബുക്കുകൾ കൗണ്ടർ സർട്ടിഫൈ ചെയ്ത് അപാകത പരിഹരിച്ചിട്ടുണ്ട്.
2. ക്യാൻസൽ ചെയ്തിട്ടുണ്ട്.
3. 57478 നമ്പർ രസീത് ബുക്ക് തിരികെ വാങ്ങി25.11.2021ൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 14ൽ ചേർത്തിട്ടുണ്ട്.
4. പ്രസ്തുത രസീത് ബുക്ക് കൃഷി ഓഫീസർക്കാണ് നൽകിയിട്ടുള്ളത്.

രസീതുകളുടെ പരിപാലനത്തിൽ ഉണ്ടായ അപാകതകൾ ഓഡിറ്റിൽ ചൂണ്ടി കാണിക്കുന്നത് കേവലം പരാമർശിച്ചിട്ടുള്ള രസീതുകളിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി മാത്രമല്ല, രസീതുകൾ പരിപാലിക്കുമ്പോൾ സ്ഥാപനം പാലിക്കേണ്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിന കൂടിയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും. രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും കർശനമായും പാലിക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപെട്ടു നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/25.11.21) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ പങ്ക് ആണ് വസ്തു നികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്ന പരിഹരിച്ച പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-13-1 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 1/38 E | മുഹമ്മദ് കുഞ്ഞി, പുഴങ്ങരയില്ലത്ത് അണ്ടിപാട്ടിൽ | A6-1107/19 16.5.2019 | 1.4.2019-31.8.2019 |

| | | | | |
|---|---|---|---|---|
| 2 | 1/38 F | മുഹമ്മദ് കുഞ്ഞി, പുഴങ്ങരയില്ലത്തു അണ്ടിപാട്ടിൽ | A6-1108/19 29.4.2019 | 1.4.2019-31.8.2019 |
| 3 | 2/299 | സൈമൺ, എടക്കളത്തൂർ | A6-1002/19 10.4.2019 | 1.4.2019-30.9.2019 |
| 4 | 2/300 | സൈമൺ, എടക്കളത്തൂർ | A6-1003/19 11.4.2019 | 1.4.2019-30.9.2019 |
| 5 | 11/128 | അബ്ദുസമദ്, പണിക്കവീട്ടിൽ കുറുപ്പത്തു | A5/653 22.10.2019 | 1.4.2019-30.9.2019 |
| 6 | 11/135,136 | അബ്ദുൽ ഖാദർ ഹാജി, പണിക്കവീട്ടിൽ കുറുപ്പത്തു | A5-654 22.10.2019 | 1.4.2019-30.9.2019 |
| 7 | 11/135,136 | അബ്ദുൽ ഖാദർ ഹാജി, പണിക്കവീട്ടിൽ കുറുപ്പത്തു | A5-654 22.10.2019 | 1.10.2019-31.3.2020 |
| 8 | 1/38 E | മുഹമ്മദ് കുഞ്ഞി, പുഴങ്ങരയില്ലത്തു അണ്ടിപാട്ടിൽ | A6-3717/19 20.12.2019 | 1.10.2019-31.3.2020 |
| 9 | 1/38 F | മുഹമ്മദ് കുഞ്ഞി, പുഴങ്ങരയില്ലത്തു അണ്ടിപാട്ടിൽ | A6-3718/19 20.12.2019 | 1.10.2019-31.3.2020 |
| 10 | 11/128 | അബ്ദുസമദ്, പണിക്കവീട്ടിൽ കുറുപ്പത്തു | A5/653 22.10.2019 | 1.10.2019-31.3.2020 |

ഇളവുകൾ നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13-2 കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി-വരുമാന നഷ്ടം

സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 50/- രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 60/- രൂപയും ആണ്. വാർഡ് 6, 9, 10, 11 എന്നിവയുടെ സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ നികുതി നിർണ്ണയത്തിൽ അടിസ്ഥാന നികുതി 60/- രൂപ നിരക്കിൽ അല്ല നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമ നം | കെട്ടിട നം | വിസ്തീർണം (ച:മീറ്റർ) | കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി (വിസ്തീർണംx 60) | സഞ്ചയ പ്രകാരം അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് /വർദ്ധനവ് | സഞ്ചയ പ്രകാരമുള്ള ഡിമാൻഡ് | യഥാർത്ഥത്തിൽ ഡിമാൻഡ് ചെയ്യേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 6/213 | 198 | 11880 | 10 % ഇളവ് | 1114 | 11227 | 10113 |
| 2 | 9/250 | 176 | 10560 | 10 % ഇളവ് 20 % വർദ്ധനവ് | 6684 | 12197 | 5513 |
| 3 | 10/297 | 175 | 10500 | 20 % ഇളവ് 20 % വർദ്ധനവ് | 92 | 11025 | 10933 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 11/126 | 1071 | 64260 | 20 % ഇളവ്<br>20 % വർദ്ധനവ് | 270 | 67851 | 67581 |
| ആകെ | | | | | | | 94140 |

* ഡിമാൻഡ് = [( അടിസ്ഥാന നികുതി - ഇളവ് ) + വർദ്ധനവ് )]+ ലൈബ്രററി സെസ്സ് (5%)

നാളിതുവരെ കുറവായി ഈടാക്കിയ വസ്തുനികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കേണ്ടതാണ്.

## 1-13-3 അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കി.

1. സഞ്ചയയിലെ അനധികൃത കെട്ടിട രജിസ്റ്റർ പ്രകാരം 9/134 നമ്പർ കെട്ടിടം (വിസ്തീർണം 156ച:മീ) അനധികൃത കെട്ടിടമാണ്. എന്നാൽ സഞ്ചയയിലെ നികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതം എന്ന് രേഖപ്പെടുത്തി അതിനനുസൃതമായ രീതിയിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ ഉപവകുപ്പ് 1 പ്രകാരമുള്ള മൂന്നിരട്ടി നികുതി ഈടാക്കിയിട്ടില്ല. വിശദശാംശങ്ങൾ താഴെ ചേർക്കുന്നു.

| | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|
| അടിസ്ഥാന നികുതി : | 936 | 2808 |
| എൽ സി | 94 | 140 |
| ആകെ നികുതി | 1030 | 2948 |

2. പഞ്ചായത്തിൽ പരിപാലിക്കുന്ന അനധികൃത കെട്ടിട രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങളായ പല കെട്ടിടങ്ങളും സഞ്ചയയിൽ നിയമാനുസൃത കെട്ടിടം എന്ന് രേഖപ്പെടുത്തി അതിനനുസൃതമായാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതു മൂലം കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ ഉപവകുപ്പ് 1 പ്രകാരമുള്ള തുക വസ്തു നികുതി ആയി ഈടാക്കാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണം |
|---|---|---|
| 1 | 4/1/UA/1/15 | 69.01 |
| 2 | 5/1/2011 UA | 61.9 |
| 3 | 8/8/UA1/14 | 62 |

ക്രമ നമ്പർ 1ൽ പരാമർശിച്ചിട്ടുള്ള കെട്ടിടത്തിൽ നിന്നും നിയമപ്രകാരമുള്ള നികുതി ഈടാക്കി നാളിതു വരെയുള്ള കുടിശിക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്രമ നമ്പർ 2ൽ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. പഞ്ചായത്തിൽ പരിപാലിക്കുന്ന അനധികൃത കെട്ടിട നിർമാണ രജിസ്റ്റർ പ്രകാരമുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം സഞ്ചയയിൽ പരിശോധിക്കേണ്ടതും നിയമപ്രകാരമുള്ള വസ്തു നികുതി എല്ലാ കെട്ടിടങ്ങളിൽ നിന്നും ഡിമാൻഡ് ചെയ്തിട്ടുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ സഞ്ചയയിലെ അനധികൃത നിർമാണ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്ന മാന്വൽ രജിസ്റ്ററുമായി ഒത്തു നോക്കി കാലാനുസൃതമായി പരിപാലിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/25.11.2021), മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14-1 തൊഴിൽ നികുതി വർദ്ധിപ്പിക്കാനുള്ള തീരുമാനങ്ങൾ-തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1. സെക്രട്ടറിയുടെ 26.9.2019 ലെ എ 5-1220/19 നമ്പർ കത്ത് മുഖേനെ ശ്രീ മുഹമ്മദ് അലി അമ്പലത്തു വീട്ടിൽ ന്റെ ഉടമസ്ഥതയിൽ 10 ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കാരയിൽ പ്ലാസ ഓഡിറ്റോറിയത്തിന്റെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ അടവാക്കാൻ ആവശ്യപെട്ടിട്ടുണ്ട്.

2. പഞ്ചായത്ത് കമ്മിറ്റിയുടെ 30.7.2019 ലെ 6(74) 19 ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന

വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികളുടെ എണ്ണവും ടിയാൾക്ക് സ്ഥാപന ഉടമ നൽകുന്ന നൽകുന്ന വേതനവും ഉൾപ്പെടെ പൂർണ്ണ വിവരങ്ങളടങ്ങിയ റിപ്പോർട്ട് തൊഴിൽ നികുതി ഈടാക്കുന്ന ആവശ്യത്തിലേക്കായി ലഭ്യമാക്കുവാൻ ജില്ലാ ലേബർ ഓഫീസറോട് അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയും അതനുസരിച് സെക്രട്ടറി ജില്ലാ ലേബർ ഓഫീസർക്ക് കത്ത് നല്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത കത്തുകളിന്മേലുള്ള തുടർനടപടികൾ ലഭ്യമല്ല. താരതമ്യേനെ വരുമാനം കുറഞ്ഞ പഞ്ചായത്ത് ആയതിനാൽ വരുമാനം വർധിപ്പിക്കാനുള്ള ഏതൊരു നടപടിയും സ്വാഗതാർഹമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എന്നാൽ പ്രസ്തുത നടപടികളിന്മേൽ തുടർനടപടികൾ സ്വീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പ്രസ്തുത കത്തുകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-14-2 ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.

ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ബി.എസ്.എൻ.എൽ-ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

## 1-14-3 റേഷൻ കടകൾ,കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.

പഞ്ചായത്ത് പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ അവയുടെ എണ്ണം, ഈടാക്കിയ തൊഴിൽ നികുതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവ്യത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ്- പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

1. ഗ്രാമപഞ്ചായത്തിലെ 1,2,3,4,5,7എന്നീ വാർഡുകളിൽ നിന്നും വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെ കാണുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തി ആയതിനനുസരിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം/ ഉടമ | ലൈസൻസ് രജിസ്റ്റർ ക്രമ നം. | കെട്ടിട നമ്പർ |
|---|---|---|---|
| 1 | മെൽവിൻ സ്റ്റോഴ്സ് | 8 | 5/172 |
| 2 | ജയമോഹൻ പച്ചക്കറി | 28 | 3/184 |
| 3 | ഷൈൻ എഞ്ചിനീയറിംഗ് വർക്സ് | 33 | 4/56,57 |
| 4 | മാളിയേക്കൽ കളേഴ്സ് | 34 | 2/124,125 |
| 5 | അൽ സഫ പെയിന്റ്സ് | 74 | 2/103,104,114 |
| 6 | മുനീർ അബ്ദുല്ല കോൺസെപ്റ്റ്സ് | 179 | 7/13 |

2. ഗ്രാമപഞ്ചായത്തിലെ 1,2,3,4,5,7എന്നീ വാർഡുകളിൽ നിന്നും വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെ കാണുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം/ ഉടമ | ലൈസൻസ് രജിസ്റ്റർ ക്രമ നം. | കെട്ടിട നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | എ പി ഹോട്ടൽ | 44 | 1/206 A |
| 2 | ജെ കെ മാർബിൾസ് | 86 | 1/81 A,B |

3. 2019-20 ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 57 പ്രകാരം സ്റ്റീൽ, അലൂമിനിയം, ഇരുമ്പ്, പ്ലാസ്റ്റിക് ചില്ലറ വില്പനക്കായി ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനം പ്രവർത്തിക്കുന്നത് 5/61 നമ്പർ കെട്ടിടത്തിലാണ്. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുത നമ്പറിലുള്ള കെട്ടിടം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ആണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/25.11.21) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തിയോ അല്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമം 205 ബി പ്രകാരം നോട്ടീസ്സ് നൽകിയോ അനധികൃതമായി പ്രവൃത്തിക്കുന്നവക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമായിരിക്കേണ്ടതായുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റെ ഒക്യൂപൻസി ഉറപ്പാക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങളിൽ വ്യാപാരങ്ങൾക്കോ വ്യവസായങ്ങൾക്കോ ലൈസൻസ് നൽകാവുന്നതല്ല.

4. പഞ്ചായത്തിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല. ലൈസൻസ് രജിസ്റ്ററിലെ വിവരങ്ങൾ പകർത്തിയെഴുതിയിട്ടുള്ള രേഖയാണ് ട്രേഡേഴ്സ് ലിസ്റ്റ് ആയി ലഭ്യമാക്കിയത്. ശരിയായ വിധത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/24.11.21) ലഭ്യമാക്കിയ മറുപടിയിൽ 2019-20 വർഷത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല എന്നും 2020-21 ൽ സൂക്ഷിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ ബൈലോയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

1. പഞ്ചായത്ത് ഡയറക്ടറുടെ സി5-27060/2012 കെ.ഡിസ് തീ 19.10.2012 ഉത്തരവ് പ്രകാരമാണ് പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ ബൈലോ അംഗീകരിച്ചിട്ടുള്ളത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകുന്നത് രണ്ടു നിരക്കിലാണ്. രാഷ്ട്രീയ സാംസ്കാരിക സംഘടനകൾക്കു പഞ്ചായത്ത് സമിതി നിർണയിച്ച നിരക്കിന്റെ പകുതി നിരക്കിലാണ് ഹാൾ വാടകക്ക് നൽകുന്നത്. പ്രസ്തുത കാര്യം ബൈലോയിൽ പരാമർശിച്ചിട്ടില്ലാത്തതാണ്. കൂടാതെ പകുതി നിരക്കു നിശ്ചയിച്ച കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ലഭ്യമല്ല.

2. ബൈലോയിൽ വാടക നിരക്ക് വ്യക്തമാക്കിയിട്ടുണ്ട്. ആയത് ഭേദഗതി ചെയ്യുവാൻ 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പാലിക്കേണ്ടതാണ് എന്നിരിക്കെ പഞ്ചായത്ത് കമ്മിറ്റിയുടെ 25.6.2019 ലെ തീരുമാന പ്രകാരം കമ്മ്യൂണിറ്റി ഹാളിന്റെ വാടക നിരക്ക് പുനർനിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത നടപടി ചട്ടങ്ങൾക്കു വിരുദ്ധമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/25.11.21) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച ബൈലോയിൽ വാടക നിരക്ക് പരാമർശിച്ചിട്ടുള്ളത് കാരണം പഞ്ചായത്ത് കമ്മിറ്റിക്ക് ആയത് വർധിപ്പിക്കാനുള്ള അധികാരം ഇല്ല. താരതമ്യേന വരുമാനം കുറഞ്ഞ പഞ്ചായത്തിന്റെ തനതു വരുമാനം വർധിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഇത്തരം സാങ്കേതിക പ്രശ്നങ്ങൾ തടസ്സമാവുന്നത് അപലപനീയമാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. കൂടാതെ ക്രമ നമ്പർ 1 ൽ പറഞ്ഞിട്ടുള്ള അപാകതയ്ക്കുള്ള മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-17 അംഗപരിമിതർക്കുള്ള വീൽചെയർ- ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നല്കി

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പദ്ധതി നം.079/20

അടങ്കൽ : 68000/-

ചെലവ് : 34000/-

വൗച്ചർ നം.: 21901029 / തീ.18.03.2020

അംഗപരിമിതർക്കുള്ള വീൽചെയർ 5 വ്യക്തികൾക്കാണ് നല്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ 3 പേർ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

1. ശ്രീ. വിജിത്ത് വേണു

2. ശ്രീമതി സൈനബ

എന്നിവർ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവരല്ല. ശ്രീമതി സൈനബയുടെ അപേക്ഷയും ഫയലിലില്ല. ടി വ്യക്തിയുടെ അർഹത പരിശോധിക്കാൻ ആയതിനാൽ സാധിച്ചില്ല.
ടി വ്യക്തികൾ അർഹതയുള്ളവരാണെങ്കിൽ പഞ്ചായത്ത് കമ്മിറ്റി സാധൂകരണം നേടി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 അംഗപരിമിതർക്കുള്ള വാക്കർ വാങ്ങൽ – അപേക്ഷ ഹാജരാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പദ്ധതി നം.127/20
അടങ്കൽ : 18080/-

ചെലവ് : 8794/-
വൗച്ചർ നം.: 21901030 / തീ.18.03.2020

ഈ പദ്ധതി പ്രകാരം 5 പേർ വാക്കർ കൈപ്പറ്റിയിട്ടുണ്ട്. ഇതിൽ ശ്രീ. മൊയ്തുണ്ണിയുടെ അപേക്ഷ ലഭ്യമായിട്ടില്ല. ആയതിനാൽ ടി വ്യക്തിയുടെ അർഹത പരിശോധിക്കാൻ സാധിച്ചില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/25.11.2021) അപേക്ഷ ലഭ്യമാക്കി സമർപ്പിക്കാം എന്ന് മറുപടി നല്കിയിട്ടുണ്ട്. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 സൈഡ് വീൽ ഘടിപ്പിച്ച മോട്ടോർ വാഹനം നല്കൽ (എസ്.സി.)-രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ
പദ്ധതി നം.125/20
അടങ്കൽ : 160000/-

ചെലവ് : 160000/-

വൗച്ചർ നം.: 21900832 / തീ.31.12.2019
മോട്ടോർവാഹനം കൈപ്പറ്റിയ ശ്രീ. വേലായുധന് – 'സൈഡ് വീൽ ഘടിപ്പിച്ച ഇരുചക്രവാഹനം' എന്ന പദ്ധതിപ്രകാരമുള്ള ധനസഹായം അനുവദിച്ചിട്ടില്ലെന്ന് പട്ടികജാതി വികസന വകുപ്പിൽ നിന്നും സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ രേഖകൾ ഗുണഭോക്താക്കളിൽ നിന്നും വാങ്ങി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ വിതരണം – അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ
I. (ജനറൽ) -പദ്ധതി നം. 53/20

അടങ്കൽ- ₹117550/-

ചെലവ്- ₹115200/-

വൗച്ചർ നം.: 21900829 / തീ.31.12.2019

Ii. (എസ്.സി.) – പദ്ധതി നം. 67/20

അടങ്കൽ- ₹226400/-

ചെലവ്- ₹226400/-

വൗച്ചർ നം.: 21900831 / തീ.31.12.2019

A) മാർഗ്ഗരേഖയ്ക്ക് അനുസൃതമായി വാങ്ങലുകൾ നടത്തേണ്ടതാണ്
വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതിക്ക് വേണ്ടി വില ക്വോട്ട് ചെയ്തതിൽ BSGST ഏജൻസീസ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും രണ്ടു പ്രോജക്ടുകളിലുമായി 27+56 കട്ടിലുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽനിന്നും മുഴുവൻ മരത്തടിയിൽ പണിത കട്ടിലിന്റെ നിരക്ക് ക്വോട്ട് ചെയ്തത് (₹3840/-) ആണ് അംഗീകരിച്ചത്.

വിതരണക്കാരൻ സമർപ്പിച്ച കരാറിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല.

ക്വട്ടേഷൻ നോട്ടീസ് പ്രകാരം 1.98 മീറ്റർ നീളവും 90 സെമി വീതിയും ഉള്ള , 8 മി.മീ കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച

മരത്തടിയിൽ /സ്റ്റീലിൽ പണിത കട്ടിലിന്റെ നിരക്ക് ക്വോട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടത്.

ഇൻവോയ്സ് നം.21/29.11.2019 പ്രകാരം 6x3 സൈസ് (180x90 Cm) ഉള്ള കട്ടിലുകളാണ് വിതരണം ചെയ്തിരിക്കുന്നത് (അതായത് 1.80 മീറ്റർ നീളം 90 സെമി വീതി). എന്നാൽ 1.98m X90 Cm വലിപ്പമുള്ള കട്ടിലുകളാണ് സ്പെസിഫിക്കേഷനനുസൃതമായും, സബ്സിഡി മാർഗ്ഗരേഖക്കനുസൃതമായും വിതരണം ചെയ്യേണ്ടിയിരുന്നത്. ഇപ്രകാരം കട്ടിലുകൾ വാങ്ങിയത് സംബന്ധിച്ച് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/24.11.2021) പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് ഇപ്രകാരം വാങ്ങിയതെന്നും നല്ല ഗുണമേന്മയുള്ള കട്ടിലുകളാണ് അവയെന്നും മറുപടി നല്കിയിട്ടുണ്ട്. വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള കാര്യങ്ങൾ നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ്.

B) ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന രേഖകളില്ല.

പ്രോ. നം. 67/20 ലെ മോഹനൻ.കെ.എസ്., എന്ന വ്യക്തി പട്ടികജാതിയിൽപ്പെടുന്ന വ്യക്തിയാണെന്ന് തെളിയിക്കുന്ന രേഖകളില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് നടപ്പിലാക്കുന്നത് എന്ന് തെളിയിക്കുവാൻ ആവശ്യമായ രേഖകൾ ഗുണഭോക്താക്കളിൽ നിന്നും വാങ്ങി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

C) ഗുണഭോക്താക്കൾക്ക് ആധാർ പ്രകാരം അറുപത് വയസ്സ തികഞ്ഞിട്ടില്ല

സ.(കൈ).നം 22/2018 തസ്വഭവ തീ.14.02.18 (സബ്സിഡി മാർഗ്ഗരേഖ) പ്രകാരം അറുപത് വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് മാത്രമാണ് കട്ടിൽ അനുവദിക്കാവുന്നത്. എന്നാൽ താഴെ പറയുന്ന അറുപത് വയസ്സ തികയാത്തവർക്കും പദ്ധതിയുടെ ഭാഗമായി കട്ടിൽ അനുവദിച്ചിട്ടുണ്ട്.

| | പേര് | ജനന തീയതി/വർഷം | വയസ്സ് |
|---|---|---|---|
| 1 | മൊയ്തുണ്ണി എ.വി. അമ്പലത്തുവീട്ടിൽ (പ്രോ. നം. 53/20) | 1963 | 56 |
| 2 | മണി ഓവാട്ടുവീട്ടിൽ (പ്രോ. നം. 67/20) | 1970 | 49 |
| 3 | കുഞ്ഞിമോൾ, പുളു (പ്രോ. നം. 67/20) | 1963 | 56 |
| 4 | തങ്കമണി കെ.കെ. (പ്രോ. നം. 67/20) | 1961 | 58 |

മാർഗ്ഗരേഖ പ്രകാരം അർഹതയില്ലാത്ത മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/24.11.2021) മേൽ ഗുണഭോക്താക്കളുടെ ആധാറിൽ ജനനത്തീയതി തെറ്റായിട്ടാണുള്ളതെന്നും വയസ്സ തെളിയിക്കുന്ന മറ്റ് സാക്ഷ്യപത്രം ഹാജരാക്കാമെന്നും മറുപടി നല്കിയിട്ടുണ്ട്. വയസ്സ തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 341600/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമല്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അംഗനവാടി അനുപൂരക പോഷകാഹാരവിതരണം പദ്ധതി പ്രകാരമുള്ള ഭക്ഷ്യമിശ്രിതം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്.ബി-3 -312/2010 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17/24.11.2021) നല്കിയതിന് റിപ്പോർട്ട് ലഭ്യമല്ല എന്നാണ് മറുപടി നല്കിയിട്ടുള്ളത്. ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-22 വിനിയോഗ വിവരം, രശീതി ലഭ്യമാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ വിവരം, രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | തുക | ബിൽ നം | തുക | റിമാർക്സ് |
|---|---|---|---|---|

| നം/പദ്ധതിയുടെ വിവരം | കൈമാറിയ സ്ഥാപനം | /തിയതി | | |
|---|---|---|---|---|
| 124/20 എ ബി സി പ്രോഗ്രാമിന് പഞ്ചായത്ത് വിഹിതം | കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ | 34/5.8.19 വൗച്ചർ നം - 21900362/5.8.19 | 50000 | |
| 9/20 ഐ കെ എം പ്രവർത്തന ഫണ്ട് | ഐ കെ എം | 81/15.11.19 വൗച്ചർ നം - 21900697/15.11.19 | 32105 | |
| 1/20 എസ് എസ് എ വിഹിതം നൽകൽ | ജില്ലാ പ്രോജക്ട് കോർഡിനേറ്റർ, എസ് എസ് കെ | 17/4.7.19 വൗച്ചർ നം - 21900277/4.719 | 100000 | |
| 147/20 പി എച്ച് സി ലാബ് കെട്ടിട നിർമ്മാണം എസ് ഡി അടവാക്കൽ | കെ എസ് ഇ ബി | 55/19-20/22.2.20 വൗച്ചർ നം - 21900942/24.1.20 | 32717 | കെ എസ് ഇ ബി യിൽ നിന്നുള്ള എസ്റ്റിമേറ്റും ലഭ്യമാക്കിയിട്ടില്ല |

വിനിയോഗ സാക്ഷ്യപത്രം രശീതി എന്നിവ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നൽകിയ തുകയ്ക്കുള്ള കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതുവരെ 214822രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 2018-19 വർഷത്തെ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം അടവാക്കുന്നതിൽ വീഴ്ച വരുത്തി - തൻവർഷത്തെ വികസനഫണ്ടിൽ നിന്ന് തുക നഷ്ടമായി

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05-Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്യാൻ , 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ച് കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകു എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നതാണ്. ഉത്തരവിന്റെ അനുബന്ധം -1 പ്രകാരം ഒരുമനയൂർ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ ആദ്യ ആറ് മാസക്കാലത്തേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹328500 /രൂപയും നിർദ്ദേശിച്ചിരുന്നതാണ്.

2018-19 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 29.11.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/2018/ധന ഉത്തരവിന്റെ അനുബന്ധം -1 പ്രകാരം ഒരുമനയൂർ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ രണ്ടാം പകുതിയിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹328500/- യും നിർദ്ദേശിച്ചിരുന്നതാണ്. മേൽ ഉത്തരവുകളെ അലോട്ട്മെന്റ് ലെറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ ഈ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ മേൽ നിർദ്ദേശ പ്രകാരം തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിനാൽ 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 പ്രകാരം ഒരുമനയൂർ ഗ്രാമ പഞ്ചായത്ത് അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക

സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടുന്ന തുകയായ ₹657000/-രൂപയിൽ 328500 രൂപ മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്. ആയതിനാൽ 328500 രൂപ 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവു ചെയ്തിട്ടുള്ളതുമാണ്.

സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന്റെ വികസനാവശ്യത്തിന് 2019-20 ൽ ലഭ്യമാകേണ്ട തുകയിൽ ഇത് കാരണം കുറവുണ്ടായി. മാത്രമല്ല അംഗൻവാടി ജീവനക്കാരുടെ അധിക പ്രതിഫലം എന്ന പേരിൽ സ്പിൽ ഓവർ പദ്ധതിയായി (പദ്ധതി നം. 96/20) നടപ്പിലാക്കി 76527 (ബിൽ നം 2/5.4.19)രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭരണപരമായ കാര്യങ്ങളിലെ ശ്രദ്ധക്കുറവ് മൂലം ജനങ്ങളുടെ വികസനാവശ്യത്തിനായി ചെലവഴിക്കേണ്ടുന്ന പദ്ധതി പണം ഇപ്രകാരം നഷ്ടപ്പെടുത്തുന്നത് ഗൗരവകരമായി കാണേണ്ടതും, ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതുമാണ്.

## 1-24 അംഗൻവാടി ജീവനക്കാർക്കുള്ള ഹോണറേറിയം യഥാസമയം കൈമാറിയില്ല.

പ്രോജക്ട് - അംഗൻവാടി ജീവനക്കാരുടെ അധിക വേതനം

പ്രോജക്ട് നം - 131/20

വൗച്ചർ നം.21900395/ 24.8.19 തുക 219000

21900894/ 27.1.20 തുക 219000

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വച്ച് നൽകുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05- DeductAmount Transferred From Development Fund Towards Honorarium & Allowances Of AnganwadiWorkers And Helpers (NP)" എന്ന കണക്ക് ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സർക്കാർ തീരുമാനിച്ച പ്രകാരം അംഗൻവാടി തൊഴിലാളികളുടേയും സഹായികളുടേയും 2019-20 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ മൂന്ന് ഗഡുക്കളിലായി നാല് മാസത്തെ പ്രതിഫല തുകയായി 219000 രൂപ വീതം 657000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2019-20 വർഷത്തിൽ 438000 രൂപ മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. അംഗൻവാടി ജീവനക്കാർക്കുള്ള ഹോണറേറിയം സർക്കാർ ഉത്തരവ് പ്രകാരം യഥാസമയം കൈമാറാതിരുന്നതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി - 8/23.11.21) വികസന ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലമാണ് എന്നാണ് മറുപടി നൽകിയത്. എന്നാൽ വികസന ഫണ്ടിന്റെ അലോട്ട്മെന്റ് തുകയിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുക കൃത്യമായി വകയിരുത്തിയിരുന്നതിനാൽ തന്നെ അംഗൻവാടി ജീവനക്കാർക്കുള്ള ഹോണറേറിയം സർക്കാർ ഉത്തരവ് പ്രകാരം യഥാസമയം കൈമാറുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കൽ - പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതും കുടിശ്ശിക അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്

പ്രൊജക്ട് നം - 45/20

ബിൽ നം - 39/19-20/22.8.19 തുക 73500 (വൗച്ചർ നം - 21900415/22.8.19)

- 49/19-20/17.9.19 തുക 204500 (വൗച്ചർ നം - 21900458/17.9.19)

168 ടാപ്പുകൾക്കാണ് പഞ്ചായത്തിൽ വെള്ളക്കരം അടവാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 5/19 ലെ ബിൽ നം 2990/20.5.19 പ്രകാരം തൻമാസത്തെ വെള്ളക്കരം ഇനത്തിൽ അടവാക്കേണ്ട തുകയായ 73500രൂപയും 8/19 ലെ ബിൽ നം 3135/22.8.19 പ്രകാരം കുടിശ്ശികയുള്ള 708278രൂപയിൽ 204500 രൂപയുമാണ് അടവാക്കിയിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന പൊതു ടാപ്പുകളുടെ വിവരം സൂക്ഷിച്ചിട്ടില്ല.

2. പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് തന്നെയാണ് വെള്ളക്കരം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കുടിശ്ശിക സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

4. തൻവർഷം വെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും എത്ര തുക ചെലവഴിച്ചു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ (വൗച്ചർ നം /തിയതി. തുക) ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത്

ലഭ്യമാക്കുകയുണ്ടായില്ല.

5. 2019-20 ൽ വെള്ളക്കരം ഇനത്തിൽ അടവാക്കാനുള്ള കുടിശ്ശികയുടെ വിവരം പലിശയും പിഴപ്പലിശയും ഉൾപ്പെടെ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമാക്കിയിട്ടില്ല.

6. കുടിശ്ശിക അടവാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നതിന് കുടിശ്ശിക തുക ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് തന്നെയാണ് വെള്ളക്കരം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതും കുടിശ്ശിക തുക ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 കേരളോത്സവം - ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 50/20, നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ബിൽ നം - 115/19-20/19.12.19 തുക 34061 (വൗച്ചർ നം -21900718/19.12.19)

വൗച്ചർ നം -21900720/27.12.19 തുക 14960

34061 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ട്രഷറി ബിൽ പ്രകാരം ഈ തുക യൂത്ത് കോ ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്കാണ് മാറിയതായി കാണുന്നത്. ആയതിന്റെ ചെലവ് സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയത്. ചെലവ് രേഖകളുടെ അഭാവത്തിൽ 34061 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - കെൽട്രോണിന് അധികം തുക അനുവദിച്ചു

പഞ്ചായത്തിലെ സ്ഥിര താമസക്കാരായ എസ്.സി. ബിരുദ/ബിരുദാനന്തര/പ്രൊഫഷണൽ പോളിടെക്നിക് വിദ്യാർത്ഥികൾക്ക് കെൽട്രോണിൽ നിന്ന് ലാപ്ടോപ്പ് വാങ്ങി നൽകുന്നതാണ് പദ്ധതി. കെൽട്രോണിന്റെ പ്രഫോർമ ഇൻവോയ്സ് നം 13084/ 30.12.19 പ്രകാരം 22703 നിരക്കിൽ 11 ലാപ്ടോപ്പുകൾക്ക് 249733 രൂപയും പ്രഫോർമ ഇൻവോയ്സ് നം 14043/ 18.1.20 പ്രകാരം 22703 നിരക്കിൽ 1 ലാപ്ടോപ്പിനുള്ള തുകയുമാണ് കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ കെൽട്രോണിന്റെ ബിൽ പ്രകാരം ഒരു ലാപ്ടോപ്പിന് 21830 രൂപയാണ് വില വന്നിട്ടുള്ളത്. ആയതു പ്രകാരം 12 ലാപ്ടോപ്പുകൾക്ക് 10476 രൂപ അധികം നൽകിയിട്ടുണ്ട്. കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (എൻക്വയറി നം- 16/23.11.21)

## 1-28 പ്രിന്ററുകളുടെ ടോണർ റീഫില്ലിംഗ് അനുബന്ധ പ്രവൃത്തികൾ- ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 136/20, നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ബിൽ നം _ 61/19-20/16.3.20 തുക 29966

CQUBE Systems എന്ന സ്ഥാപനത്തിനാണ് മേൽ പ്രകാരമുള്ള തുക കൈമാറിയിരിക്കുന്നത്. ടെണ്ടർ നടപടികളിലൂടെയാണ് പ്രവൃത്തി വിഭാവനം ചെയ്തിരുന്നത്. എന്നാൽ മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയത്. ടെണ്ടർ നടപടികൾ സംബന്ധിച്ച രേഖകൾ, ടെണ്ടർ അംഗീകരിച്ച തീരുമാനം തുടങ്ങിയ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 29966/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു .

## 1-29 തെരുവു വിളക്ക് പരിപാലനം -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കൃത്യമായ വിവരം സൂക്ഷിക്കേണ്ടതുമാണ്

പ്രോജക്ട് നം - 68/20

ബിൽ നം - 15/19-20/27.8.19 തുക 100000 (വൗച്ചർ നം – 21900417/22.8.19)

31/19-20/22.2.20 തുക 149900 (വൗച്ചർ നം – 21900869/25.11.19)

54/19-20/22.2.20 തുക 50000 (വൗച്ചർ നം – 21900989/24.1.20)

തെരുവു വിളക്ക് പരിപാലനത്തിനായി തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 350000 രൂപയാണ് വകയിരുത്തിയിരുന്നത്.

കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

Ordinary Street Light – 197

Tube 1*40- 240

Tube 2*40 – 233

CFL – 313

LED Bulb – 176

മേൽ പ്രകാരമുള്ള എണ്ണത്തിനുള്ള അറ്റകുറ്റപണികൾക്കായാണ് ടെണ്ടർ ക്ഷണിച്ചത്. ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം കുറവ് നിരക്ക് രേഖപ്പെടുത്തിയ എകെ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനമാണ് പ്രവൃത്തി നടത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

1.പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം സംബന്ധിച്ച യാതൊരു കണക്കും പഞ്ചായത്തിലില്ല.

2. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരംതെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നും നിർദ്ദേശമുണ്ടെങ്കിലും അപ്രകാരം ഒരു പരാതി രജിസ്റ്റർ തൻവർഷം സൂക്ഷിച്ചതായി കാണുന്നില്ല.

3 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത കരാറുകാരൻ കേടുവന്ന വിളക്കുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

4. തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തി കാണുന്നില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക) ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ. (എം.എസ്) നം.97/2020/ധന. തീയതി.23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ, മേൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ലൈഫ് ഭവന പദ്ധതി- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കണം

വി.ഇ.ഒ നടപ്പാക്കിയ വിവിധ ലൈഫ് ഭവന പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമായി ജിയോടാഗ് ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു ആയത് അഭിനന്ദനാർഹമാണ്. ടി പ്രവൃത്തി തുടർന്നും വീഴ്ച

കൂടാതെ തുടരേണ്ടതാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്ന വീടുകളുടെ നിർമ്മാണത്തിന്റെ തുടക്കത്തിലും പൂർത്തീകരണ ഘട്ടത്തിലും ജിയോടാഗ്ഗിങ്ങ് ചെയ്യേണ്ടതാണ്. ഭവനം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മുമ്പിൽ നിന്നും എടുത്തിട്ടുള്ള ഫോട്ടോകൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ വേണം ജിയോടാഗ്ഗിങ്ങ് ചെയ്യേണ്ടത്. ഫൗണ്ടേഷൻ പൂർത്തിയാകുന്നതിന് മുമ്പായി ആദ്യ ഫോട്ടോ എം.ഐ.എസിലേക്ക് നിർവ്വഹണോദ്യോഗസ്ഥൻ അപ്‌ലോഡ് ചെയ്യേണ്ടതാണ്. നിർവഹണം പൂർത്തിയാകുമ്പോൾ അന്തിമ ഗഡു നൽകുന്നതിന് മുമ്പായി പൂർത്തീകരിച്ച ഭവനത്തിന് മുന്നിൽ ഗുണഭോക്താവിനെ നിർത്തി ഒരിക്കൽ കൂടി ജിയോടാഗ്ഗിങ്ങ് നടത്തേണ്ടതാണ്.

സ.ഉ (കൈ) നം. 137/2018/ത.സ്വ.ഭ.വ. തിയ്യതി. 24/9/18 പ്രകാരം ലൈഫ് മിഷൻ പദ്ധതിക്കായി ദേശീയ തൊഴിലുറപ്പ് പദ്ധതിയും, കുടുംബശ്രീയും സംയോജിച്ച് ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. എന്നാൽ അത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലായെന്നാണ് ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ലൈഫ് വിവിധ ഘട്ടങ്ങളിലായി ധാരാളം ഗുണഭോക്താക്കളുള്ള സാഹചര്യത്തിൽ ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണയൂണിറ്റുകൾ തുടങ്ങുന്നതിന്റെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

16-7-19 തിയ്യതിയിലെ സ.ഉ (എം.എസ്) നം.91/19 ത.സ്വ.ഭ.വ. പ്രകാരം ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭവന സമുച്ചയാധിഷ്ഠിത പുനരധിവാസത്തിന് മുൻഗണന നൽകേണ്ടതാണ്. ആവശ്യത്തിന് ഭൂമി ലഭ്യമല്ലായെന്നാണ് ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആവശ്യത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കപ്പെടേണ്ടതാണ്. പ്രത്യേകിച്ചും ദേശീയ പാത വികസനം മൂലം പഞ്ചായത്തിന്റെ നല്ലൊരു ഭാഗം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഭൂലഭ്യത ഇനിയും കറയാനാണ് സാധ്യത കാണുന്നത്. ആയതിനാൽ ടി കാര്യത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയുണ്ടാവേണ്ടതാണ്.

### 1-32 പൊതുമരാമത്ത് പ്രവൃത്തികൾ- പൊതു വിവരങ്ങളും പൊതു അപാകതകളും.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 വർഷത്തിൽ സുലേഖ പത്രിക പ്രകാരം 55 പ്രൊജക്ടുകൾക്ക് അംഗികാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 53 പ്രൊജക്ടുകളുടെ ചെലവുകളാണ് തൻവർഷം നടന്നിട്ടുള്ളത്. 2019-20 വർഷത്തിൽ ആകെ അടങ്കൽ 18421221/ - രൂപയും ചെലവ് 16643234/ -രൂപയുമാണ്. 90% തുകയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. അംഗികാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2019-20വർഷത്തിൽ പല പ്രോജക്ടുകളും സമയ ബന്ധിതമായി കരാർ വെയ്ക്കുകയോ കരാർ കാലയളവിൽ പ്രവൃത്തി പൂർത്തികരിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് പൂർത്തികരണ സാക്ഷ്യപത്രം പല പ്രോജക്ട് ഫയലുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വിവിധ കാന നിർമ്മാണ പ്രവൃത്തികളിൽ നിന്നും കുഴിച്ചെടുത്ത മണ്ണ് എ.ഇ. ആയതിന്റെ മൂല്യം കണക്കാക്കി പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ആയത് ലേലത്തിൽ പോയതായി പരിശോധനയിൽ കണ്ടു. വിവിധ ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ മുഖേന ടാർ വാങ്ങി പ്രവൃത്തികൾക്കായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലിൽ കാലി ടാർ വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല. പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ കാലി ടാർവീപ്പയുടെ വില ജി.എസ്.ടി. ഉൾപ്പെടെയുള്ള തുക ബില്ലിൽ കുറവ് ചെയ്യേണ്ടതാണ്. ആയത് പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി 13/23.11.21 നുള്ള മറുപടിയിൽ കരാറുകാർ നേരിട്ട് സ്വന്തം ചെലവിൽ ടാർ വാങ്ങിയതിനാലാണ് കാലി ടാർ വീപ്പയുടെ വില ബില്ലിൽ കുറവ് ചെയ്യാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണ പൂർത്തീകരണ ഘട്ടങ്ങളിൽ മോണിട്ടറിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപ്പെടലുകൾ കാണുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ ശരിയായി രീതിയിൽ എഴുതി പരിപാലിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിലെ കോളങ്ങൾ പൂർണ്ണമായും എഴുതി രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ എല്ലാ കോളങ്ങളും എഴുതി പൂർത്തീകരിച്ചിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ സമിതി, വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ ഇടപ്പെടലുകൾ ഉണ്ടാകേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | വില്ലേജ് റോഡ് റീടാറിംഗ്-വാർഡ് 12,13(സംയുക്തപദ്ധതി)(പ്രോ.നം.18/20) | 500000 | 0 |
| | | 500000 | ലൈഫ് ഭവനപദ്ധതി (ജനറൽ) (പ്രോ.നം.40/20) | 217500 | 282500 |
| | | 145200 | ലൈഫ് ഭവനപദ്ധതി (എസ്.സി.) (പ്രോ.നം.41/20) | 145200 | 0 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.സി.പി.) (പ്രോ.നം.44/20) | 0 | 100000 |
| | | 237030 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (ജനറൽ) (പ്രോ.നം.49/20) | 50000 | 187030 |
| | | 150000 | ആശ്രയ ഭവനപുനരുദ്ധാരണം ധനസഹായം (പ്രോ.നം.80/20) | 100000 | 50000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 500000 | പി.എച്ച്. സി.-മഹളറ റോഡ് പുനരുദ്ധാരണം-വാർഡ്11 | 364767 | 135233 |
| | | 1000000 | മുത്തമ്മാവ്-കാരാക്കടവ് റോഡ് റീടാറിംഗ്-വാർഡ് 12,13 (സംയുക്തപദ്ധതി) | 630450 | 369550 |
| | | 500000 | ലൈഫ് ഭവനപദ്ധതി (ജനറൽ) (പ്രോ.നം.40/20) | 0 | 500000 |
| | | 345200 | ലൈഫ് ഭവനപദ്ധതി (എസ്.സി.) | 100000 | 245200 |
| | | 200000 | അംഗനവാടി അനുപൂരക പോഷകാഹാര വിതരണം | 13165 | 186835 |

| | | | | | |
|---|---|---|---|---|---|
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.സി.പി.) | 96900 | 3100 |
| | | 175000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (ജനറൽ) | 175000 | 0 |
| | | 58775 | വയോജനങ്ങൾക്ക് കട്ടിൽ നല്കൽ | 58775 | 0 |
| | | 113200 | വയോജനങ്ങൾക്ക് കട്ടിൽ നല്കൽ (എസ്.സി.) | 113200 | 0 |
| | | 50000 | ശ്രവണസഹായ ഉപകരണം വാങ്ങൽ (ഭിന്നശേഷി) | 0 | 50000 |
| | | 34000 | അംഗപരിമിതർക്കുള്ള വീൽചെയർ | 0 | 34000 |
| | | 50000 | ആശ്രയ ഭവനപുനരുദ്ധാരണം ധനസഹായം | 0 | 50000 |
| | | 250000 | പെയ്ൻ & പാലിയേറ്റീവ് | 250000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ് ഇ ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21900544 Dt 14/10/19 24:28/10/2019 | 50107 | - | പൂർത്തീകരിച്ചിട്ടില്ല | 50107 |

തൻ വർഷത്തെ കണക്കുകൾ മാത്രമാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. ആയതിനാൽ വാർഷിക കണക്കിലെ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| Trichur Co-operative Spinning Mills | 5000 | 093/5-7-01 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻ വർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ഉദ്ദേശം | നമ്പർ/തീയതി | തുക | തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന പദ്ധതി | LF511/2018 Dt 02/01/2019 | 623010 | 543010 | 191176 | | 431834 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3(6) | 2009-10 | 3(6) | മൊബിലൈസേഷൻ അഡ്വാൻസ് നൽകി പ്രവർത്തി നടത്തിയിട്ടില്ല | 2004-2005വർഷത്തിൽ 10-വാർഡിൽ SGRY പ്രവർത്തിയായ ചാത്തൻതറ റോഡ് നിർമ്മാണം മൊബൈലേസഷൻ അഡ്വാൻസ് നൽകിയ 25000 പൂർണ്ണമായും തിരികെ ഈടാക്കിയിട്ടുണ്ട്. രസീതിനമ്പർ 82/2162 തിയ്യതി.13/10/2008, 4750രൂപ 70/2167, 4750രൂപ തിയ്യതി.6/11 /2008, 61/2172, 8/1/2009, 4275 രൂപ, 82/41076, 6/03/2006, 4750രൂപ, 51/41076, 26/02/2009, 4750രൂപ, 11/41087 604/2009, 1725 രൂപ |
| 2014-15<br>2016-17 | 2(1)<br>2(1) | 2016-17 | 2(1)<br>2(1) | 1)ഐ ഡി സി സ്കൂളിന്റെ 2-ാംഅർദ്ധവർഷ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇസ്ലാമിക് ഹയർ സെക്കണ്ടറി സ്കൂൾ - ആദ്യ അർദ്ധവർഷം ഈടാക്കിയിട്ടില്ല. 2)കാരയിൽ പ്ലാസ ഓഡിറ്റോറിയം ഒന്നും രണ്ടും അർദ്ധവർഷം ഈടാക്കിയിട്ടില്ല. 3)മണപ്പുറം ഫിനാൻസ് - സൗമ്യയുടെ | 1)ഐ ഡി സി സ്കൂളിന്റെ 2-ാംപാദ തൊഴിൽ നികുതി - 21900രൂപ, 11608101424 തിയ്യതി 16/12/16 യിൽ അടവാക്കിയിട്ടുണ്ട്. ഇസ്ലാമിക് ഹയർ സെക്കണ്ടറി സ്കൂൾ രസീത് നം. 11608100717തിയ്യതി 01/09/16 യിൽ അടവാക്കിയിട്ടുണ്ട്. 2)കാരയിൽ പ്ലാസ ഓഡിറ്റോറിയം രസീത് നം. 11608100681 തിയ്യതി 30/08/16 യിൽ |

| | | | | | |
|---|---|---|---|---|---|
| | | | | ബാക്കിയുള്ള തൊഴിൽനികുതി 300/- രൂപ ഈടാക്കേണ്ടതാണ്. 4)ആളൂക്കാരൻ ജ്വല്ലറി – ഡി & ഒ ലൈസൻസ് അടവാക്കാൻ ബാക്കിയുള്ള 300/- രൂപ ഈടാക്കേണ്ടതാണ്. 5) തൊഴിൽ നികുതി സ്ഥാപനരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | അടവാക്കിയിട്ടുണ്ട്. 3)മണപ്പുറം ഫിനാൻസ് – സൗമ്യയുടെ ബാക്കിയുള്ള തൊഴിൽനികുതി 300/- രൂപ രസീത് നം. 11608100762 തിയ്യതി 09/09/16 യിൽ അടവാക്കിയിട്ടുണ്ട്. 4)ആളൂക്കാരൻ ജ്വല്ലറി – ഡി & ഒ ലൈസൻസ് അടവാക്കാൻ ബാക്കിയുള്ള 300/- രൂപ രസീത് നം. 11608100729 തിയ്യതി 03/09/16 യിൽ അടവാക്കിയിട്ടുണ്ട്. 5)തൊഴിൽ നികുതി സ്ഥാപനരജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 29281392 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29390695 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 620449 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1-20 | 341600 | പ്രത്യൂഷ.കെ.ജെ, ICDS Supervisor | അയിനിപ്പുള്ളി ഹൗസ്, പുത്തൻ പല്ലി.പി.ഒ, ഗുരുവായൂർ |
| 1-22 | 214822 | അനുപമ.എ.വി, സെക്രട്ടറി | ഉഷസ്സ്, മ്യൂസിയം ക്രോസ് ലെയിൻ, ചെമ്പൂക്കാവ്, തൃശ്ശൂർ – 680020 |
| 1-26 | 34061 | അനുപമ എ. വി., സെക്രട്ടറി | |
| 1-28 | 29966 | അനുപമ എ. വി., സെക്രട്ടറി | |
| ആകെ | 620449 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68, 80-81, 82-83, 83-84, 84-85, 85-86, 86-87, 87-88,88-89, 89-90, 90-91, 91-92, 92-93, 93-94, 94-95, 95-96 | എൽ.എഫ്.ടി.എസ്.2-1314/11/14.07.11 |
| 96-97 | എൽ.എഫ്.ടി.13-564/98/12.10.98 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.17-1844/99/22.02.2000/ 29.05.2000 |
| 98-99 (ചെലവ്) | എൽ.എഫ്.ടി.13-733/01/27.06.02 /9.12.2007 |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.13-740/03/02.09.03 |
| 99-2000 (വരവ്) | എൽ.എഫ്.ടി.13-609/06/12.10.06/08.03.07 |
| 2000-01, 2001-02 പ്ളാൻ | എൽ.എഫ്.ടി.13-1540/03/20.02.04 |
| 97-98 (വരവ്) | എൽ.എഫ്.ടി.13-607/06/12.10.06/08.03.07 |
| 98-99 (വരവ്) | എൽ.എഫ്.ടി.13-608/08/12.10.06/08.03.07 |
| 2000-01 പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-1520/07/24.06.08 |
| 2001-02 പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2359/07/24.06.08 |
| 2002-03 പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2360/07/24.06.08 |
| 2003-04 വരവ്ചെലവ് | എൽ.എഫ്.ടി.13-1263/08/15.12.09 |
| 2004-05 | എൽ.എഫ്.ടി.13-1264/08/15.12.09 |
| 2005-06 | എൽ.എഫ്.ടി.13-650/09/18.09.10 |
| 2006-07 | എൽ.എഫ്.ടി.13-651/09/18.09.10 |
| 2007-08 | എൽ.എഫ്.ടി.13-1137/10/22.01.2011 |
| 2008-09 | എൽ.എഫ്.ടി.13-1138/10/22.01.11/07.05.11 |
| 2009-10 | എൽ.എഫ്.ടി.പി4-1078/12/27.09.12 /14.03.13 |
| 2010-11 | എൽ.എഫ്.ടി.പി4-1079/12/27.09.12 /14.03.13 |
| 2011-12 | എൽ.എഫ്.ടി.പി3-1434/13/13.01.2014/ 04.03.2014 |
| 2012-13 | എൽ.എഫ്.ടി.പി.8-571/14 തീ.4.11.2014/7.01.2015 |
| 2013-14 | കെ.എസ്.എടി.എസ്.ആർ.പി.8-944/15 തി.20.07.2015/7.12.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.8-1228/16 തി. 23.7.16 |

| | |
|---|---|
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.8-32/17<br>തി. 6.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി.8-1405/17<br>തി. 17.10.17/18.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)-1719/2018<br>തീയതി: 04.12.2018 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി.6)1171/2020<br>തീയതി: 01.12.2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്